(ബി) കാലാനുസൃതമായ ഏതെല്ലാം പുതിയ കോഴ്സുകൾ പ്രസ്തുത ഐ.ടി.സി.-യിൽ ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളാധീശ്വരപുരം ഐ.ടി.ഐ.-യിൽ ഇപ്പോൾ ഏകവത്സര നോൺമെടിക് ട്രേഡായ പ്ലംബർ ട്രേഡിലാണ് പരിശീലനം നൽകിവരുന്നത്.

(ബി) കേരളാധീശ്വരപുരം ഐ.ടി.ഐ.-യിൽ, റീവാംബിംഗ് ഓഫ് ഐ.ടി.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ട്രേഡിനുപുറമേ ദ്വിവത്സര (4 സെമസ്റ്റർ) മെടിക് ട്രേഡുകളായ ഇലക്ട്രീഷ്യൻ, D/Civil എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.ടി.ഐ. സ്ഥാപന മേധാവിയുടെ തസ്തികയുടെ പേര്

196 (8257) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിലെ മേധാവിയുടെ തസ്തികയുടെ പേര് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളുടെ സ്ഥാപന മേധാവിയുടെ ഔദ്യോഗികപേരും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിലെ സ്ഥാപന മേധാവിയുടെ ഔദ്യോഗികപേരും വ്യത്യസ്തമായി നിലനിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടെയിനിംഗ് സൂപ്രണ്ട്.

(ബി) ഉണ്ട് ; പരിശോധിച്ചുവരുന്നു.

പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

197 (8258) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly